"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിൽ വെച്ച് 2024 ഡിസംബർ മാസം സംഘടിപ്പിച്ച 'ഭരണിക്കാവ്ഫെസ്റ്റ്' എന്ന പ്രദർശന വിപണന മേളയുടെ നടത്തിപ്പ് ചെലവുകൾക്കായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ വിനിയോഗിക്കുവാൻ യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1759/2025/LSGD തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 27.12.2024, 24.04.2025 എന്നീ തീയതികളിലെ LSGD/PD/43507/2024/GEB4 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ വെച്ച് 2024 ഡിസംബർ മാസം സംഘടിപ്പിച്ച 'ഭരണിക്കാവ് ഫെസ്റ്റിൽ' വിവിധ സംഘടനകളുടേയും. വകുപ്പുകളുടേയും സഹകരണത്തോടെ കേരളത്തിലെ മികച്ച കലാകാരന്മാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള സ്റ്റേജ് ഷോകൾ, അമ്യൂസ്മെന്റ് പാർക്ക്, പ്രദർശന-വിപണ സ്റ്റാളുകൾ, പെറ്റ് ഷോ, ഫ്ളവർ ഷോ, പുസ്തക മേള, ഫുഡ് കോർട്ട് തുടങ്ങിയവ സംഘടിപ്പിച്ചതായും ഈ ഫെസ്റ്റ് നടത്തിപ്പിനായി 17,18,862/- രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും, പരസ്യം, ഫുഡ് സ്റ്റാൾ , അമ്യൂസ്മെന്റ് പാർക്ക്, സ്റ്റാൾ, സ്പോൺസർഷിപ്പ് എന്നി ഇനങ്ങളിലായി 11,10,000/- രൂപ ലഭിച്ചിട്ടുള്ളതായും ബാക്കി 6,07,862/- രൂപയുടെ സാമ്പത്തിക ബാധ്യതയുള്ളതായും ടി ബാധ്യത ഒഴിവാക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച്, ആലപ്പുഴ ജില്ലയിൽ വെച്ച് 2024 ഡിസംബർ മാസം സംഘടിപ്പിച്ച 'ഭരണിക്കാവ്ഫെസ്റ്റിന്റെ' നടത്തിപ്പ് ചെലവുകൾക്കായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം രണ്ട് ലക്ഷം രൂപ വിനിയോഗിക്കുവാൻ യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

ജോയിന്റ് സെക്രട്ടറി

പകർപ്പ്: പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം

പ്രസിഡന്റ്/ സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്, ആലപ്പുഴ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പിആർഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 17-07-2025 14:04:55
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്